കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുവള്ളി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. അനീഷ് വി.എം. ബഹു. കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2161/2017-ൽ 13.11.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 242/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.01.2018

---

പരാമർശം : 1. കൊടുവള്ളി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. അനീഷ് വി.എം. സർക്കാരിൽ സമർപ്പിച്ച 10.10.2017 തീയതിയിലെ നിവേദനം. (Annexure A7)

2. ശ്രീ. അനീഷ് വി.എം. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2161/2017 കേസിൽ 13.11.2017 തീയതിയിലുണ്ടായ വിധിന്യായം.

## ഉത്തരവ്

കൊടുവള്ളി നഗരസഭയിൽ സീനിയർ ക്ലാർക്കായ ശ്രീ. അനീഷ് വി.എം. പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം കൊടുവള്ളി നഗരസഭയിൽ സീനിയർ ക്ലാർക്കായി ജോലിചെയ്തുവരവേ കൊച്ചി, പറവൂർ, കൊടുങ്ങല്ലൂർ നഗരസഭകളിലേയ്ക്ക് കരട് സ്ഥലംമാറ്റ പട്ടികയും ക്യലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടർ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താത്തിയില്ലായെന്നും പട്ടികജാതിയിൽപ്പെട്ട ആളായതിനാലും വാർദ്ധക്യ സഹജമായ അസുഖമുള്ളള മാതാപിതാക്കളുടെ ഏക ആശ്രയമായതിനാലും, അഞ്ചു വയസ്സുള്ള കുഞ്ഞിനേയും ഗർഭിണിയായ ഭാര്യയേയും നോക്കേണ്ടതിനാലും ഒഴിവുവരുന്ന കൊച്ചി, പറവൂർ, കൊടുങ്ങല്ലൂർ, മരട്, തൃക്കാക്കര, തൃപ്പൂണിത്തുറ നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ടിയാൾ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2161/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A7 അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. അനീഷ് വി.എം., സീനിയർ ക്ലാർക്ക്, കൊടുവള്ളി നഗരസഭ.

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**